പതിനാലാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം 2
2017, ഡിസംബർ 14

നം :344

നിയമസഭാ സാമാജികർക്ക് നൽകി വരുന്ന ഇ-മെയിൽ സംവിധാനം അതീവ സുരക്ഷാ ക്രമീകരണങ്ങളുള്ള National Informatics Centre ന്റെ സെർവ്വറിലേക്ക് മാറ്റപ്പെടുകയാണ്. അതനുസരിച്ച് അംഗങ്ങളുടെ ഇ-മെയിൽ വിലാസം താഴെ പറയുന്ന ഫോർമാറ്റിലേക്ക് മാറുന്നതാണ്.

**###@niyamasabha.nic.in**

പുതിയ ഇ-മെയിൽ സംവിധാനത്തിലേക്കുള്ള പ്രവേശനം നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുള്ള 'e-mail' എന്ന ലിങ്ക് മുഖേനയോ mail.gov.in എന്ന വെബ്സൈറ്റിലൂടെ നേരിട്ടോ സാധ്യമാകുന്നതാണ്. ഇതിനായി അംഗങ്ങളുടെ മൊബൈൽ നമ്പരിലേക്ക് അവരവരുടെ ഇ-മെയിൽ വിലാസം,യൂസർ ഐ.ഡി, പാസ് വേഡ് എന്നിവ 'VK-NICSMS' എന്ന പേരിൽ NIC നേരിട്ട് SMS മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത ലോഗിൻ ഐ.ഡി.യും പാസ് വേഡും ഉപയോഗിച്ച് അംഗങ്ങൾ അവരവരുടെ ഇ-മെയിൽ സംവിധാനം പ്രവർത്തനക്ഷമമാക്കേണ്ടതാണ്. 90 ദിവസത്തിൽ ഒരിക്കലെങ്കിലും പ്രസ്തുത ഇ-മെയിൽ സംവിധാനം ഉപയോഗിക്കാതിരുന്നാൽ ആയത് നിഷ്ക്രിയമാകുന്നതാണ്.

14-ാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് നിലവിൽ നൽകിയിട്ടുള്ള ഇ-മെയിൽ വിലാസം 31.12.2017-മുതൽ പ്രവർത്തനരഹിതമാകുന്നതാണ്. എന്നാൽ 31.12.2017-ന് ശേഷം 14-ാം കേരള നിയമസഭയുടെ കാലയളവിൽ **###@niyamasabha.org** എന്ന പഴയ ഇ-മെയിൽ വിലാസത്തിൽ വരുന്ന എല്ലാ സന്ദേശങ്ങളും പുതിയ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. 31.12.2017-ന് മുൻപ് ലഭിച്ച സന്ദേശങ്ങൾ കാണുന്നതിനുള്ള സൗകര്യവും നിയമസഭാ വെബ്സൈറ്റിൽ 'email' എന്ന ലിങ്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ ഇ-മെയിൽ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനോ, ഉപയോഗിക്കുന്നതിനോ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്ന പക്ഷം നിയമസഭാ ഐ.ടി.വിഭാഗത്തിന്റെ സേവനം (ഫോൺ നം: 0471 2512516) പ്രയോജനപ്പെടുത്താവുന്നതാണ്. പുതിയ ഇ-മെയിൽ സംവിധാനം മൊബൈൽ ഫോണുകളിലും configure ചെയ്യാവുന്നതാണ്.

**വി.കെ.ബാബുപ്രകാശ്,**
സെക്രട്ടറി.